# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 573 — 05.06.2018 ലെ മറുപടിയ്ക്ക്

## കുന്ദമംഗലത്ത് സബ്ട്രഷറി

**ചോദ്യം** — **ഉത്തരം**

ശ്രീ.പി.ടി.എ. റഹീം

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | 18-08-2014 തീയതിയിലെ സ.ഉ.(എം.എസ്) നം.343/14/ധന ഉത്തരവ് പ്രകാരം കുന്ദമംഗലത്ത് ആരംഭിക്കുന്നതിന് അനുമതി ലഭിച്ച സബ്ട്രഷറിക്കായി കെട്ടിട സൗകര്യവും വയറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളും പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | 18/08/2014 ലെ സ.ഉ(എം.എസ്) നം. 343/14/ധന പ്രകാരം കുന്ദമംഗലത്ത് പുതിയ സബ് ട്രഷറി ആരംഭിക്കാൻ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 15/06/2015 ലെ 14174/എസ്റ്റാ.സി3/14/ധന നമ്പർ കത്ത് പ്രകാരം ട്രഷറി വകുപ്പ് ആധുനിക വത്കരണ ഘട്ടത്തിൽ ആയതിനാൽ ട്രഷറി നെറ്റ് വർക്കിംഗ് പൂർത്തിയാക്കി ആവശ്യകത പരിശോധിച്ചതിന് ശേഷം മാത്രം തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിച്ചാൽ മതിയെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ കുന്ദമംഗലത്ത് സബ് ട്രഷറിക്ക് വേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ട്രഷറി വകുപ്പിന്റെ നിർദ്ദേശമില്ലാതെ തന്നെ പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലത്ത് സബ്ട്രഷറി എപ്പോൾ ആരംഭിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ? | ആധുനികവത്കരണ ഭാഗമായുള്ള ട്രഷറി നെറ്റ് വർക്കിംഗ് പൂർത്തിയായ ശേഷം ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ